# പത്രക്കുറിപ്പ്

കഴിഞ്ഞ കുറെ ദിവസങ്ങളായി ജില്ലാ പോലീസ് മേധാവിയെയും പോലീസ് സേനയേയും അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള വാർത്തകളാണ് "മറുനാടൻമലയാളി" എന്ന ഓൺലൈൻ പത്രത്തിലൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്നത്.

04.06.2017 തീയതി മറുനാടൻമലയാളി എന്ന ഓൺലൈൻ പത്രത്തിലൂടെ വന്ന വാർത്തയിൽ , കോട്ടയം ജില്ലാ പോലീസ് മേധാവിയും എ.എസ്.പി ട്രെയിനി ചൈത്ര തെരേസ ജോണും തമ്മിൽ നേർക്കുനേർ എന്നും കോട്ടയത്തെ ഒരു പ്രമുഖ പത്രസ്ഥാപനത്തിനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ പോലീസ് മേധാവി എ.എസ്.പി.യെ ശകാരിച്ചു എന്നും , എ.എസ്.പി യുടെ പേഴ്സണൽ സെക്യൂരിറ്റിയിലുള്ള പോലീസുകാരെ സ്ഥലം മാറ്റിയെന്നും ഇതിനെതിരെ എ.എസ്.പി. പ്രതികരിച്ചു എന്നുള്ള വാർത്തയാണ് പ്രചരിക്കുന്നത്.

യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ വാർത്ത , വാട്ട്സ് ആപ്പിൽ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ട് പോലീസിൻറെ അന്തസ്സിന് കളങ്കം വരുത്തുന്നതിന് ചിലർ ശ്രമിക്കുന്നതായി കാണുന്നു. ഇത്തരത്തിലുള്ള വാർത്ത ആരുടേയോ കുബുദ്ധിയിൽ ഉരുത്തിരിഞ്ഞുവന്നതാണെന്നും നിക്ഷിപ്ത താൽപ്പര്യത്തോടെ ചിലർ പ്രചരിപ്പിക്കുന്നതാണെന്നും മനസ്സിലാക്കുന്നു. ജില്ലാ പോലീസ് മേധാവി യും, എ.എസ്.പി യും പോലീസുദ്യോഗസ്ഥരുടെ നിലവിട്ട് പെരുമാറി എന്നരീതിയിൽ വന്ന വാർത്ത, പോലീസിൻറെ അന്തസ്സിന് കോട്ടം വരുത്തുന്നതും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നതുമാണ്. ഇത്തരത്തിലുള്ള വ്യാജവാർത്തകൾ തുടർച്ചയായി കാണുന്ന പൊതുജനങ്ങൾ ഇവ വാസ്തവമാണെന്ന് തെറ്റിദ്ധരിച്ച് സമൂഹത്തിൽ പോലീസിനെക്കുറിച്ച് അവമതിപ്പ് ഉണ്ടാകുന്നതിന് കാരണമാകുന്നു. ഇത്തരത്തിലുള്ള ഒരു വാർത്ത പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ജില്ലാ പോലീസ് മേധാവിയെയോ, എ.എസ്.പി. ചൈത്ര തെരേസ ജോണിനെയോ ആരോപണവിധേയമായ പത്ര സ്ഥാപനത്തിനെയോ സമീപിച്ച് നിജസ്ഥിതി മനസ്സിലാക്കുന്നതിന് ഓൺലൈൻ മാധ്യമ പത്രാധിപർ തയ്യാറാകേണ്ടതായിരുന്നു. പോലീസിൻറെ അച്ചടക്കവും അന്തസ്സും മറ്റും നശിപ്പിക്കുന്ന വാസ്തവവിരുദ്ധമായ വാർത്തകൾ പ്രചരിപ്പിച്ച ഓൺലൈൻ പത്രത്തിനെതിരെ നിയമനടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ജില്ലാ പോലീസ് മേധാവി
കോട്ടയം